190 (2376) തൊഴിലില്ലായ്മ വേതനം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക തൊഴിലില്ലായ്മ വേതനം നൽകുന്നതിനായി വകയിരുത്തിയിട്ടുണ്ട്;

(ബി) ഈയിനത്തിൽ 1998-99 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയെത്ര;

(സി) 1999 മാർച്ച് 31 വരെ എത്ര മാസത്തെ കുടിശ്ശികയുണ്ടായിരുന്നു; ഇതിനായി എത്ര തുക വേണ്ടിയിരുന്നു;

(ഡി) 1998-99 വർഷത്തെ ബഡ്ജറ്റിൽ തൊഴിലില്ലായ്മ വേതനം നൽകുന്നതിനായി വകയിരുത്തിയിരുന്ന തുക മുഴുവൻ വിനിയോഗിച്ചിരുന്നുവോ;

(ഇ) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(എഫ്) ഒരു ഭാഗത്ത് കുടിശ്ശികയുണ്ടാവുകയും മറുഭാഗത്ത് ബഡ്ജറ്റിലെ തുക സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്യുകയും ചെയ്യാൻ ഇടവരുത്തിയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ജി) ഈ സ്ഥിതി 1999-2000 സാമ്പത്തികവർഷവും തുടരാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ;

(എച്ച്) ഈ ക്ഷേമ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയെങ്കിലും ഫണ്ട് കൈമാറാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഐ) പുതിയ അപേക്ഷകൾ പരിഗണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും വേതനം നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 69.5120 കോടി രൂപ.

(ബി) 57.51 കോടി രൂപ.

(സി) 9 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. ജൂൺ 98 മുതലുള്ള തൊഴിൽരഹിത വേതനം വിതരണം ചെയ്യേണ്ടിയിരുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങളാണ്. അവയിൽനിന്നും പൂർണ്ണമായ വിവിരം ലഭിക്കാത്തതിനാൽ ആവശ്യമായ തുക സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

(ഡി)-(എഫ്) കേരള പഞ്ചായത്തീരാജ്/മുനിസിപ്പാലിറ്റി ആക്ട് 1994 ന്റെ അടിസ്ഥാനത്തിൽ 28.5.1998 ലെ ജി.ഒ.(പി) 23/98/തൊഴിൽ, 11.8.1998 ലെ ജി.ഒ.(പി) 52/98/തൊഴിൽ എന്നീ ഉത്തരവുകൾ പ്രകാരം തൊഴിൽരഹിത വേതന പദ്ധതിയുടെ നടത്തിപ്പ് തദ്ദേശഭരണ സ്ഥാപനങ്ങളായ ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയ്ക്ക് കൈമാറി. ഈ പദ്ധതിയുടെ അർഹത സംബന്ധിച്ച മാനദണ്ഡവും പ്രസ്തുത സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇപ്രകാരം 1.6.1998 മുതലുള്ള തൊഴിൽരഹിത വേതനത്തിനായി പുതിയതായി അപേക്ഷ ക്ഷണിക്കുക, അവ പരിശോധിച്ച് വേതനം അനുവദിക്കുക, വിതരണം ചെയ്യുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കേണ്ടത് മേല്പറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളാണ്. ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളും അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും 31.3.1999-ന് മുമ്പായി എല്ലാ സ്ഥാപനങ്ങൾക്കും നടപടി പൂർത്തിയാക്കുവാൻ കഴിഞ്ഞില്ല. 5/98 വരെയുള്ള തൊഴിൽരഹിത വേതനം മാത്രമേ തൊഴിൽ വകുപ്പുവഴി വിത

LIBRARY ARCHIVES Kerala Legislative Assembly

രണം ചെയ്യേണ്ടിയിരുന്നുള്ളൂ. ആയത് 98-99 സാമ്പത്തികവർഷം വിതരണം ചെയ്യുകയും ചെയ്തു.

(ജി) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ വിവരം ശേഖരിക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചുകഴിഞ്ഞു. 1048 തദ്ദേശഭരണ സ്ഥാപനങ്ങളിൽ 587 സ്ഥാപനങ്ങളിൽനിന്നും വിവരം ലഭിച്ചിട്ടുണ്ട്. വിവരം നൽകാത്ത ബാക്കി സ്ഥാപനങ്ങളിൽനിന്നും വിവരം ലഭ്യമാക്കാൻ വിവിധ തലങ്ങളിൽ നടപടി സ്വീകരിച്ചുകഴിഞ്ഞു.

(എച്ച്) മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വിവരം ലഭിച്ചാലുടൻ ഫണ്ട് കൈമാറുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഐ) ഇതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് കൈക്കൊള്ളേണ്ടത്.

191 (2377) കാസർഗോഡ് ഗവൺമെന്റ് ഐ.റ്റി.ഐ.യിലെ കോഴ്സുകൾ

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ ഈ വർഷം ഏതെങ്കിലും കോഴ്സുകൾ നിർത്തൽ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകളാണെന്നും കോഴ്സുകൾ നിർത്താൻ എന്തെങ്കിലും പ്രത്യേക കാരണം ഉണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഗണിച്ച് ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയുന്ന ഡ്രാഫ്റ്റ്സ്മാൻ ട്രേഡ് നിർത്തലാക്കിയത് പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) കാസർഗോഡ് ഗവൺമെന്റ് ഐ.റ്റി.ഐ.യിൽ നിലവിലുള്ള ഡ്രാഫ്റ്റ്സ്മാൻ-സിവിൽ ട്രേഡിന്റെ രണ്ട് യൂണിറ്റിൽ ഒന്ന് കുറവ് ചെയ്ത് പകരം സർവെയർ ട്രേഡിന്റെ ഒരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. മൊത്തം യൂണിറ്റുകളിൽ കുറവൊന്നും വരുത്തിയിട്ടില്ല. ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിനെ അപേക്ഷിച്ച് വളരെയേറെ തൊഴിൽ സാദ്ധ്യതയുള്ളതും വളരെക്കുറച്ച് മാത്രം യൂണിറ്റുകൾ ഉള്ളതും പിന്നോക്കജില്ലയായ കാസർഗോഡിന് തൊഴിൽപരമായി വളരെ പ്രയോജനമുള്ളതുമാണെന്ന കാര്യം കണക്കിലെടുത്തുമാണ് ഇങ്ങനെയൊരു തീരുമാനം കൈക്കൊണ്ടത്.

(സി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിലെ ജോലി സാദ്ധ്യതയില്ലാത്ത ഒരു യൂണിറ്റേ കുറവു ചെയ്തിട്ടുള്ളൂ. കാസർഗോഡ് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം പണി പൂർത്തിയാകുന്നതോടെ തൊഴിൽ സാദ്ധ്യതയുള്ള കൂടുതൽ ട്രേഡുകൾ തുടങ്ങുന്നകാര്യം പരിശോധിക്കുന്നതാണ്.

192 (2378) ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസികളിലേക്ക് പാർട്ട് ടൈം നിയമനം

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ :

LIBRARY ARCHIVES Kerala Legislative Assembly